STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com

No. DCA/4299/19/SCOLE-Kerala

Date: 05.08.2019

**പത്രക്കുറിപ്പ്**

# വിജ്ഞാപനം

## സ്കോൾ-കേരള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപളിക്കേഷൻ കോഴ്സ് (ഡി.സി.എ) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾ-കേരള മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സ് അഞ്ചാം ബാച്ചിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി അല്ലെങ്കിൽ സർക്കാർ അംഗീകൃത തത്തുല്യ യോഗ്യതയുള്ള ആർക്കും പ്രായ പരിധി ഇല്ലാതെ അപേക്ഷിക്കാവുന്നതാണ്. **2019** ആഗസ്റ്റ് **7** മുതൽ **www.scolekerala.org** എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്.

റെഗുലർ ഹയർസെക്കണ്ടറി പഠനത്തോടൊപ്പം സമാന്തരമായി പഠനം നടത്താവുന്ന വിധത്തിലാണ് ഈ കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. പി.എസ്.സി മുഖേനയുള്ള സർക്കാർ ജോലിക്ക് യോഗ്യതയായി സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള കോഴ്സാണിത്.

ഓൺലൈനിൽ രജിസ്ട്രേഷൻ രണ്ട് ഘട്ടങ്ങളായാണ് നടത്തേണ്ടത്. വിദ്യാർത്ഥിയുടെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തി, നിർദ്ദിഷ്ട ഫീസ് അടക്കുന്നതിനുള്ള ചെലാൻ ജനറേറ്റ് ചെയ്യുന്നതുവരെ ഒന്നാം ഘട്ടം, നിശ്ചിത ഫീസ് പോസ്റ്റ് ഓഫീസിൽ അടക്കുമ്പോൾ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നൽകുന്ന രസീതിലെ 19 അക്ക ഇൻവോയിസ് നമ്പർ ഓൺലൈൻ അപേക്ഷയിലെ നിർദ്ദിഷ്ട ഫീൽഡിൽ രേഖപ്പെടുത്തി, ഫീസ് അടച്ച തീയതി, പോസ്റ്റ് ഓഫീസിന്റെ പേര്, മറ്റ് നിർദ്ദിഷ്ട വിവരങ്ങളും ഉൾപ്പെടുത്തി അപേക്ഷ ഫാറം പ്രിന്റ് എടുക്കുന്നതുവരെ രണ്ടാം ഘട്ടം.

കോഴ്സ് കാലാവധി 6 മാസം (ആകെ 240 മണിക്കൂർ) ആണ്. **4800/-** രൂപയാണ് കോഴ്സ് ഫീസ്. ഇത് രണ്ടു ഗഡുക്കളായും അടയ്ക്കാവുന്നതാണ്. ഫീസ് അടയ്ക്കുന്നതിന് ജനറേറ്റ് ചെയ്ത് ലഭ്യമാകുന്ന ബാർകോഡ് സഹിതമുള്ള ചെലാൻ ഉപയോഗിച്ച് സംസ്ഥാനത്തെ ഏതൊരു പോസ്റ്റ് ഓഫീസിലും ഫീസ് അടയ്ക്കാനുള്ള സൗകര്യമുണ്ട്. പിഴ കൂടാതെ **26.08.2019** വരെയും 60 രൂപ പിഴയോടെ **30.08.2019** വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. വിദ്യാർത്ഥികൾ ഓൺലെയിൻ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം -12 എന്ന വിലാസത്തിൽ നേരിട്ടോ,സ്പീഡ്/രജിസ്റ്റേർഡ് തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്. രജിസ്ട്രേഷനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും, കൈപ്പുസ്തകത്തിനും സ്കോൾ-കേരള വെബ് സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾ 0471- 2342950, 2342271, 2342369 എന്നീ ഫോൺ നമ്പറുകളിൽ നിന്നും ലഭിക്കുമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

പകർപ്പ്,

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
വെബ്സൈറ്റ്
നോട്ടീസ് ബോർഡ്

സെക്രട്ടറി
(എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻചാർജ്ജ്)

C1/E/DCA/Letters/Press/15